**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **04-02-2026 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി–അഴുത ശബരി റെയിൽപാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | അങ്കമാലി - എരുമേലി (ശബരി) റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ (പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് 3800 കോടി) 50 ശതമാനം ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും ആയതു നൽകുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ റെയിൽവേയിൽ നിന്നും അനുകൂല നിലപാടിനായി സംസ്ഥാനം നിരന്തരമായി ആവശ്യപെട്ടിരുന്നു. ഇപ്പോൾ പദ്ധതി റെയിൽവേ പുനരുജ്ജീവിപ്പിക്കുകയുമുണ്ടായി. എന്നാൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിനു റെയിൽവേ അംഗീകാരം നൽകേണ്ടതുണ്ട്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | നിർമ്മാണത്തിനായി പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുമെന്നതിനുള്ള ഉറപ്പ് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) | കെ-റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | അങ്കമാലി ശബരി ലൈൻ പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു മാത്രമാണ് റെയിൽവേ കെ-റെയിലിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ആയതു തയ്യാറാക്കുകയും റെയിൽവേക്കു സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ശബരിപാതയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങുന്നതിനായി സർക്കാർ തലത്തിൽ കത്തിടപാടുകളും ചർച്ചകളും തുടങ്ങി പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയ തൊഴിൽ മേഖലകളുമായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നിവയെ ബന്ധിപ്പിക്കാൻ ശബരി പാതയിൽ മാറ്റങ്ങൾ വരുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | പദ്ധതി റെയിൽവേ പുനരുജ്ജീവിപിച്ച ശേഷം പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ